LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പൊതുവിതരണ സമ്പ്രദായത്തിന്റെ സമഗ്ര വികസനത്തിന് ഐക്യരാഷ്ട്ര സഭയുടെ ഒരനുബന്ധ സംഘടനയായ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സഹകരണം ലഭിച്ചു വരുന്നുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമുമായി 26-2-2014-ന് ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ ശാക്തീകരണം, വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള RFP (Request for Proposal) തുടങ്ങിയ രേഖകൾ തയ്യാറാക്കുന്നതിന് സഹായം നൽകുക, പ്രോജക്ടിന്റെ വിവിധ പങ്കാളികളുമായുള്ള ഫലപ്രദമായ സഹകരണം ഉറപ്പുവരുത്തുക, വേൾഡ് ഫുഡ് പ്രോഗ്രാം മറ്റിടങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയ പ്രോജക്ട് വിവരങ്ങൾ പങ്കുവയ്ക്കുക, മറ്റു സാങ്കേതിക ഉപദേശങ്ങൾ നൽകുക തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

(സി&ഡി) വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ viability (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം WFP-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുകൂടാതെ ഒരു ടെക്നോളജി വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് WFP തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും WFP തയ്യാറായിട്ടുണ്ട്. ഇതിനായി WFP-യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും WFP-യുടെ സാങ്കേതിക സഹായം ലഭിക്കും.

നെല്ല് സംഭരണത്തിലെ കളക്ഷൻ, പ്രോസസിംഗ് ചെലവ്

190(4821) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈക്കോ കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച ഇനത്തിൽ കളക്ഷൻ, പ്രോസസിംഗ് എന്നിവയ്ക്കായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സപ്ലൈകോ കഴിഞ്ഞ സീസണിൽ (2013-14 രണ്ടാം സീസൺ) കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച ഇനത്തിൽ കളക്ഷൻ ചാർജ്ജായി 20,03,27,227 രൂപയും പ്രോസസിംഗ് ചാർജ്ജായി 34,45,57,792 രൂപയും ചെലവഴിച്ചു.

മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലും അവശ്യസാധനങ്ങളുടെ വിലവർദ്ധന

191(4822) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റുകളിലെയും അവശ്യസാധനങ്ങൾക്ക് 2014 ജനുവരി ഒന്നുമുതൽ വിലവർദ്ധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ നൽകിയിരുന്ന അവശ്യവസ്തുക്കൾക്ക് നൽകിയിരുന്ന സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര കുറച്ചു;

(സി) മാർക്കറ്റ് വിലയിൽ നിന്ന് എത്ര ശതമാനം സബ്സിഡിയാണ് ഇപ്പോൾ സ്ഥാപനങ്ങളിലൂടെ നൽകുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

തൃശ്ശൂർ ജില്ലയിൽ നെല്ലിന്റെ സംഭരണ വില നൽകാനുള്ള നടപടി

192(4823) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിലെ കർഷകരിൽ നിന്ന് ആകെ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്നും അതിനുള്ള സംഭരണവില ആകെ എത്രയെന്നും അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly